## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3339 — 11/05/2017-ൽ മറുപടിക്ക്

### കായംകുളം താപവൈദ്യുതി നിലയത്തിൽ നിന്ന് ഉദ്പാദിപ്പിക്കുന്ന വൈദ്യുതി

| | ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കായംകുളം താപവൈദ്യുത നിലയത്തിൽ നിന്ന് ഉദ്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാനത്തിന് പുറത്തേക്ക് വിൽപന നടത്തുന്നുണ്ടോ; | (എ) | കായംകുളം താപനിലയത്തിൽ ഉപയോഗിക്കുന്ന ഇന്ധനമായ നാഫ്ത്തയുടെ വില വളരെ കൂടുതൽ ആയതിനാൽ ടി നിലയത്തിൽ നിന്നും ഇപ്പോൾ വൈദ്യുതി ഉദ്പാദിപ്പിക്കുന്നില്ല. |
| (ബി) | ഉണ്ടെങ്കിൽ യൂണിറ്റ് വില, വാങ്ങുന്ന വ്യക്തി/സ്ഥാപനം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) & (സി) | ബാധകമല്ല. |
| (സി) | ഇല്ലെങ്കിൽ നിർബന്ധിതമായി എടുക്കേണ്ട വിലകൂടിയ വൈദ്യുതിക്ക് മറ്റ് ആവശ്യക്കാരുണ്ടോ എന്ന കാര്യം അന്വേഷിച്ചിട്ടുണ്ടോ; | | |
| (ഡി) | കരാർ പ്രകാരം വെറുതെ പണം നൽകുന്നതിനു പകരം തത്തുല്യമായ തുകയ്ക്കുള്ള വൈദ്യുതി അവിടെ നിന്നെടുക്കാനുള്ള ശ്രമമെങ്കിലും പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ? | (ഡി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എൻ.റ്റി.പി.സിയുമായി 06.01.1995 - ൽ ഒപ്പ വച്ച വൈദ്യുതി വാങ്ങൽ കരാർ പ്രകാരം കായംകുളം താപവൈദ്യുത നിലയത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില ഫിക്സഡ് ചാർജ്ജ്, വേരിയബിൾ ചാർജ്ജ് എന്നീ രണ്ടു ഘടകങ്ങൾ ചേർന്നതാണ്. കരാർ പ്രകാരം വൈദ്യുതി വാങ്ങിയില്ലെങ്കിൽ കൂടി നിലയം നിലനിർത്തിക്കൊണ്ടു പോകുന്നതിന് ചെലവായ തുകയും നിലയം പ്രവർത്തനക്ഷമമാക്കി നിർത്തുന്നതിനുള്ള ചെലവും ചേർന്ന ഫിക്സഡ് ചാർജ്ജ് നൽകേണ്ടതാണ്. ഇന്ധനവിലയുടെ അടിസ്ഥാനത്തിലുള്ള വേരിബിൾ ചാർജ്ജ് വൈദ്യുതി |

| | | | |
|---|---|---|---|
| | | | ഉത്പാദിപ്പിക്കുന്നുവെങ്കിൽ മാത്രം നൽകിയാൽ മതി. ഇന്ധനവില വളരെ കൂടുതൽ ആയതുകൊണ്ട് ടി നിലയത്തിൽ നിന്നും ഇപ്പോൾ വൈദ്യുതി ഉത്പാദിപ്പിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ